"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം വെൺകുളം എൽ.വി.യു.പി.എസ്. മാനേജരും യു.പി.എസ്.റ്റി. ശ്രീമതി നീലിമ ഹരിയും ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 43107/2024-ന്മേൽ ബഹു:ഹൈക്കോടതി 04/12/2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3780/2025/GEDN തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:-
1. തിരുവനന്തപുരം വെൺകുളം എൽ.വി.യു.പി.എസ്. മാനേജർ സമർപ്പിച്ച 18/11/2024-ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി10)
2. റിട്ട് ഹർജി 43107/2024-ന്മേലുള്ള 04/12/2024 തീയതിയിലെ വിധിന്യായം.
3. വർക്കല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/02/2025-ലെ AEOVAK/10/2025-D നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17/02/2025-ലെ ആർഎ1/3269/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വെൺകുളം എൽ.വി.യു.പി.എസ്. മാനേജരും യു.പി.എസ്.റ്റി. ശ്രീമതി നീലിമ ഹരിയും ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 43107/2024-ന്മേൽ ബഹു:ഹൈക്കോടതി 04/12/2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ എക്സിബിറ്റ് പി10 (Revision petition dated 18/11/2024 of the School Manager) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളെ ഉൾപ്പെടുത്തി 21/02/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം ഹിയറിംഗ് നടത്തുകയുണ്ടായി.

2) സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

3) ഹർജിക്കാരുടെ വാദങ്ങൾ ചുവടെ കൊടുക്കുന്നു:

i. വെൺകുളം എൽ.വി.യു.പി.എസ്.ൽ 2022-23 വർഷം പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം 837-ഉം, എൽ.പി. വിഭാഗത്തിൽ അനുവദിച്ച ഡിവിഷനുകൾ 16-ഉം, യു.പി. വിഭാഗത്തിൽ

അനുവദിച്ച ഡിവിഷനുകൾ 13-ഉം, അനുവദിച്ച തസ്തികകൾ ഒരു ഓഫീസ് അറ്റൻഡന്റ് ഉൾപ്പെടെ 36-ഉം ആണ്. 2019-20, 2020-21 വർഷങ്ങളിൽ അനുവദിച്ച ഡിവിഷനുകൾ എൽ.പി.യിൽ 17-ഉം യു.പി. യിൽ 13-ഉം ആയിരുന്നു.

ii. 2023-24 വർഷം പഠിച്ച കുട്ടികളുടെ എണ്ണം 779-ഉം അനുവദിച്ച ഡിവിഷനുകൾ എൽ.പി.യിൽ 15-ഉം യു.പി. യിൽ 13-ഉം അനുവദിച്ച തസ്തികകൾ ഓഫീസ് അറ്റൻഡന്റ് ഉൾപ്പെടെ 35-ഉം ആണ്.

iii. 2022-23-ൽ 35 അദ്ധ്യാപക തസ്തികകൾ അനുവദിച്ചെങ്കിലും 2023-24-ൽ അത് 34 ആയി കുറയുകയും ചെയ്തു. എൽ.പി. യിലെ രണ്ടാം ക്ലാസ്സിലാണ് ഒരു ഡിവിഷനും ഒരു എൽ.പി.എസ്.റ്റി. തസ്തികയും നഷ്ടമായത്.

iv. 2023-24-ൽ എൽ.പി.യിൽ ഒരു ഡിവിഷനും തസ്തികയും കുറഞ്ഞെങ്കിലും 2023-24 വർഷം ആറാം ക്ലാസ്സിൽ ഒരു ഡിവിഷനും ഒരു യു.പി.എസ്.റ്റി. തസ്തികയും അനുവദിക്കുന്നതിന് അർഹത കൈവരിക്കുകയും ചെയ്തതിനെ തുടർന്ന് അധിക തസ്തികയ്ക്കായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്തെങ്കിലും ടി പ്രൊപ്പോസലിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകാരം നൽകിയില്ല. ഈ നടപടിയിലൂടെ 20/10/2021 മുതൽ എൽ.പി.എസ്.റ്റി. ആയി നിയമനാംഗീകാരം ലഭിച്ചിരുന്ന ശ്രീമതി നീലിമ ഹരിക്ക് 15/07/2023 മുതൽ ശമ്പളം ലഭിക്കാതെയായി. 2023-24-ലെ തസ്തികനിർണയ ഉത്തരവിൽ സീനിയറായ ശ്രീമതി വൈശാഖി ജയൻ തസ്തികനഷ്ടം വന്ന് പുറത്താകുന്നു എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തെറ്റായി രേഖപ്പെടുത്തിയിരുന്നതിനാൽ ടിയാളുടെ ശമ്പളം തടഞ്ഞെങ്കിലും പിന്നീട് ജൂനിയറായ ശ്രീമതി നീലിമ ഹരി 15/07/2023 മുതൽ വാങ്ങിയ ശമ്പളം തിരിച്ചടയ്ക്കുകയും ശ്രീമതി വൈശാഖി ജയന് ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്.

v. ശ്രീമതി നീലിമ ഹരിക്ക് BA, D.Ed.(TTC), KTET യോഗ്യതകൾ ഉള്ളതിനാൽ, ടിയാളുടെ എൽ.പി.എസ്.റ്റി. തസ്തിക നഷ്ടപ്പെട്ടെങ്കിലും 2023-24-ൽ ലഭിച്ച യു.പി.എസ്.റ്റി. തസ്തികയിൽ ടിയാളെ ചട്ടം 51എ അവകാശിയെന്ന നിലയിൽ 15/07/2023 മുതൽ നിയമിച്ചു. എന്നാൽ ടി യു.പി.എസ്.റ്റി. തസ്തിക അധിക തസ്തികയായതിനാൽ സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടിയാൽ മാത്രമേ ശ്രീമതി നീലിമയ്ക്ക് ശമ്പളം അനുവദിക്കുവാൻ സാധിക്കു എന്നാണ് വിദ്യാഭ്യാസ ഓഫീസർമാർ പറയുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/08/2023-ലെ സർക്കുലർ നമ്പർ ഡിജിഇ/7241/2023/എച്ച്2-ൽ "അധിക ഡിവിഷൻ കണക്കാക്കുമ്പോൾ എൽ.പി., യു.പി., എച്ച്.എസ്. എന്നിവ പ്രത്യേക യൂണിറ്റായി കണക്കാക്കേണ്ടതാണ്" എന്ന നിർദ്ദേശം കാരണമാണ് ടി സ്കൂളിൽ 2023-24 വർഷം എൽ.പി.എസ്.റ്റി. തസ്തിക നഷ്ടപ്പെട്ടിട്ടും യു.പി. വിഭാഗത്തിലുണ്ടായ തസ്തിക അധിക തസ്തികയായി കണക്കാക്കി ശ്രീമതി നീലിമയുടെ അംഗീകാരം നിരസിച്ചത്.

vi. KER Chapter XXI ചട്ടം 7(2) പ്രകാരം, ടി സ്കൂളിൽ 2023-24 വർഷം അധിക തസ്തികകൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

vii. ജി.ഒ.(ആർ.റ്റി) നം.514/2021/പൊവിവ തീയതി 19/01/2021 ഖണ്ഡിക 6(iii)ന്റെ ആദ്യഭാഗത്ത് കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(2) പ്രകാരം, "ഓരോ വർഷത്തെയും തസ്തിക നിർണയം വഴി ഒരു സ്കൂളിലുണ്ടാകുന്ന മൊത്തം തസ്തികകൾ കാറ്റഗറി ഭേദമെന്യേ മുൻവർഷത്തേതിനു തുല്യമാണെങ്കിൽ 1:1 റേഷ്യോ പാലിക്കേണ്ടതില്ല" എന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ടി ഖണ്ഡികയുടെ രണ്ടാം ഭാഗത്ത്, "ഏതെങ്കിലും ഒരു

പ്രത്യേക തസ്തിക മുൻവർഷം ഉണ്ടായിരുന്ന പ്രസ്തുത തസ്തികയുടെ എണ്ണത്തിൽ നിന്നും അധികമാകുന്നതായി കണ്ടാൽ അതിനെ അധികതസ്തിക എന്ന ഗണത്തിൽപ്പെടുത്തുന്നതിനാൽ ആക്ഷേപമുണ്ടാകേണ്ടതില്ല" എന്നു കൂടി പറയുന്നുണ്ട്. അധിക തസ്തികകൾ അനുവദിക്കുന്നതിന് കെ.ഇ.ആർ. അധ്യായം XXIII ചട്ടം 12(4)-ലെ നടപടിക്രമങ്ങൾ പാലിക്കണം എന്നതായിരിക്കാം ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഈ സാഹചര്യം ജൂലൈ 14-ന് തസ്തികനഷ്ടം വന്ന് പുറത്താകുന്ന അദ്ധ്യാപകനെ അധികതസ്തികയിൽ ജൂലൈ 15-ന് പുനഃക്രമീകരിക്കുവാൻ കഴിയാതെ വരുന്നതിന് കാരണമാകും. കെ.ഇ.ആർ. അധ്യായം XXIII ചട്ടം 12(3) പ്രകാരം അധിക തസ്തികകളുടെ പ്രാബല്യ തീയതി ഒക്ടോബർ 1 ആണ് എന്നതാണ് കാരണം. 1:1 റേഷ്യോ പാലിക്കേണ്ട, എന്നാൽ അധികതസ്തികയുമാണ് എന്ന നിലപാട് തസ്തികനഷ്ടം വരുന്ന അദ്ധ്യാപകന് നീതി നിഷേധിക്കുന്ന സാഹചര്യമാണുണ്ടാക്കുന്നത്. 02/11/2023-ലെ ജി.ഒ.(ആർ.റ്റി) നം.6777/2023/പൊവിവ-ലും ഇത് പ്രതിപാദിച്ചിട്ടുണ്ട്.

viii. ജി.ഒ.(ആർ.റ്റി) നം.2069/2021/പൊവിവ തീയതി 04/03/2021 പ്രകാരം എച്ച്.എസ്., യു.പി. വിഭാഗങ്ങൾ പ്രത്യേകം പ്രത്യേകമായല്ല സ്കൂൾ ഒരു യൂണിറ്റായി പരിഗണിച്ചാണ് അധിക തസ്തിക ഉണ്ടോ എന്ന് പരിശോധിക്കേണ്ടത് എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

ix. വർക്കല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി സ്കൂളിൽ 14/08/2023-ൽ അപ്രതീക്ഷിത സന്ദർശനം നടത്തിയപ്പോൾ അന്ന് ആറാം ക്ലാസ്സിൽ 23 കുട്ടികൾ ഹാജരുണ്ടായിരുന്നില്ല. അന്ന് ഹാജരുണ്ടായിരുന്ന കുട്ടികളുടെയും ഹാജരില്ലാതിരുന്ന 23 കുട്ടികളുടെയും UID-യും മറ്റു വിവരങ്ങളും പരിശോധിച്ച് ബോധ്യപ്പെട്ടശേഷമാണ് ആറാം ക്ലാസ്സിൽ അഞ്ചാമത് ഡിവിഷനും തസ്തികയ്ക്കും പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ശിപാർശ ചെയ്തത്. എന്നാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 05/10/2023, 03/01/2024 തീയതികളിൽ സ്കൂൾ സന്ദർശിക്കുകയും 05/10/2023-ന് 24 കുട്ടികളും 03/01/2024-ന് 26 കുട്ടികളും ആറാം ക്ലാസ്സിൽ ഹാജരില്ലായിരുന്നുവെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശിപാർശ നിരസിക്കുകയും ചെയ്തു. 05/10/2023-ന് കലോത്സവമായതിനാലും 03/01/2024-ന് ശിവഗിരി തീർത്ഥാടനം നടക്കുന്ന സമയമായതിനാലുമാണ് കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നത്. ടി തീയതികളിലെ സന്ദർശന വിവരങ്ങളിൽ കുട്ടികളുടെ എണ്ണം സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇൻസ്പെക്ഷൻ ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല.

x. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും മൂന്ന് സന്ദർശനദിനങ്ങളിലും പൊതുവായി ഹാജരാകാതിരുന്ന 2 കുട്ടികൾ ആസിഫ് അലി എസ്., പ്രിൻസ് വേണുഗോപാൽ എന്നിവർ മാത്രമാണ്. നിലവിൽ ഈ കുട്ടികൾ VI-D-യിൽ നിന്നും വിജയിച്ച് VII-D-യിൽ പഠനം തുടരുന്നു.

xi. 23/08/2024-ലെ ജി.ഒ.(എം.എസ്) നം.106/2024/പൊവിവ പ്രകാരം സർക്കാർ 2023-24 വർഷത്തെ അധിക തസ്തികകളും ഡിവിഷനുകളും അനുവദിച്ചു. ടി വർഷം ടി സ്കൂളിന് അർഹമായ യു.പി. വിഭാഗത്തിൽ 14-ാമത്തെ ഡിവിഷനും 13-ാമത്തെ തസ്തികയും ലഭിക്കുന്നതിന് കാലതാമസം വരുന്നതുകണ്ട് അന്വേഷിച്ചപ്പോഴാണ് ടി സ്കൂളിന്റെ പേര് ടി ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ല എന്നറിയുന്നത്. ടി സ്കൂൾ ഉൾപ്പെടുത്താത്തതിന്റെ കാരണം ഡയറക്ടർ സ്കൂൾ അധികൃതരെ ഇതുവരെ അറിയിച്ചിട്ടില്ല. സമന്വയയിലും ടി വിവരങ്ങളൊന്നും ലഭ്യമല്ല.

xii. ടി സ്കൂളിൽ 2022-23, 2023-24 വർഷങ്ങളിൽ അദ്ധ്യാപക തസ്തികകളുടെ എണ്ണം

തുല്യമായതിനാൽ (35), 15/07/2023-ന് എൽ.പി.എസ്.റ്റി. തസ്തികനഷ്ടത്തെ തുടർന്ന് അന്നേ ദിവസം തന്നെ യു.പി. വിഭാഗത്തിൽ യു.പി.എസ്.റ്റി. ആയി ഷിഫ്റ്റ് ചെയ്യപ്പെട്ട ശ്രീമതി നീലിമ ഹരിക്ക് യു.പി. വിഭാഗത്തിൽ തുടരുന്നതിന് ടി വിഭാഗത്തിന് അർഹമായ 14-ാമത്തെ ഡിവിഷനും 13-ാമത്തെ യു.പി.എസ്.റ്റി. തസ്തികയും, ആറാം ക്ലാസ്സിലേക്ക് അർഹതയുള്ള അഞ്ചാമത് ഡിവിഷനും യു.പി.എസ്.റ്റി. തസ്തികയും അധികതസ്തിക എന്ന പരിഗണനയിൽ ഉൾപ്പെടുത്താതെ അനുവദിച്ച് ശ്രീമതി നീലിമ ഹരിക്ക് 15/07/2023 മുതൽ ശമ്പളത്തോടു കൂടി അംഗീകാരം നല്കണമെന്ന് മാനേജർ അഭ്യർത്ഥിക്കുന്നു.

4) 2023-24-ലെ തസ്തികനിർണയ ഉത്തരവ് പ്രകാരം ഒരു യു.പി.എസ്.റ്റി. അധികതസ്തിക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്തിരുന്നുവെന്നും, ആറാം സാധ്യായദിനത്തിൽ ഉണ്ടായിരുന്ന 143 കുട്ടികളിൽ ഒരാൾ റ്റി.സി. വാങ്ങിപ്പോയിയെന്നും, റീവിസിറ്റിന് 116 കുട്ടികളെ ഉണ്ടായിരുന്നുള്ളുവെന്നും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വിസിറ്റിലും ജില്ലാ വിദ്യാഭ്യാസ ഓഫീസർ വിസിറ്റിലും പൊതുവായി 4 കുട്ടികൾ ഹാജരുണ്ടായിരുന്നില്ലെന്നും, ഇക്കാരണത്താൽ അധികതസ്തിക അനുവദിക്കേണ്ടതില്ലെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പ്രൊപ്പോസൽ നിരസിച്ചുവെന്നും, 2023-24-ലെ തസ്തികനിർണയ ഉത്തരവ് പ്രകാരം ശ്രീമതി നീലിമ ഹരിയെ നിലനിർത്തുവാൻ എൽ.പി.എസ്.റ്റി. ഒഴിവ് ലഭ്യമല്ല എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

5) 2023-24 വർഷം ടി സ്കൂളിൽ യു.പി.എസ്.റ്റി. തസ്തിക അനുവദിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്തിരുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സന്ദർശനത്തിൽ ഇരുപതിനു മുകളിൽ കുട്ടികൾ ഹാജരായിട്ടില്ലാത്തതിനാൽ ടി പ്രൊപ്പോസൽ അംഗീകരിക്കേണ്ടതില്ലെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ നിരസിച്ചു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും സന്ദർശനത്തിൽ പൊതുവായി ഹാജരാകാതിരുന്ന കുട്ടികളുടെ എണ്ണം രണ്ടാണെന്നും ടി രണ്ടു കുട്ടികളും ടി സ്കൂളിൽ ഏഴാം ക്ലാസ്സിൽ പഠിക്കുന്നുണ്ടെന്നും മാനേജർ റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ 4 കുട്ടികളാണ് ഹാജരാകാതിരുന്നതെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ടി നാല് കുട്ടികൾ നിലവിൽ ടി സ്കൂളിൽ തുടരുന്നുണ്ടോ അതോ റ്റി.സി. വാങ്ങിപ്പോയതാണോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടില്ല. മാത്രമല്ല, ടി നാല് കുട്ടികളുടെ അഭാവത്തിൽ യു.പി.എസ്.റ്റി. തസ്തിക അനുവദനീയമാണോ എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ വ്യക്തമാക്കിയിട്ടില്ല. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സന്ദർശനത്തിൽ 23 കുട്ടികളും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ആദ്യ സന്ദർശനത്തിൽ 24 കുട്ടികളും രണ്ടാമത്തെ സന്ദർശനത്തിൽ 26 കുട്ടികളും ഹാജരായിരുന്നില്ലെങ്കിലും ടി കുട്ടികളിൽ പൊതുവായി ഹാജരാകാത്തതായി 4 കുട്ടികളാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതായത്, ബാക്കി കുട്ടികൾ ടി സ്കൂളിൽ തുടർന്നുവരുന്നു എന്ന് അനുമാനിക്കാവുന്നതാണ്.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KER അധ്യായം XXI ചട്ടം 7(2) പ്രകാരം ഓരോ വർഷത്തെയും തസ്തിക നിർണയം വഴി ഒരു സ്കൂളിലുണ്ടാകുന്ന മൊത്തം തസ്തികകൾ കാറ്റഗറി ഭേദമന്യേ മുൻവർഷത്തേതിനു തുല്യമാണെങ്കിൽ 1:1 റേഷ്യോ പാലിക്കേണ്ടതില്ല എന്നാൽ ഏതെങ്കിലും ഒരു പ്രത്യേക തസ്തിക മുൻവർഷം ഉണ്ടായിരുന്ന പ്രസ്തുത തസ്തികയുടെ എണ്ണത്തിൽ നിന്നും അധികമാകുന്നതായി കണ്ടാൽ പ്രസ്തുത തസ്തിക

അനുവദിക്കുന്നതിന് G.O(P)No.5/2022/GEdn പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ചുള്ള ഉന്നത തല പരിശോധനകൾ നടത്തി മാത്രമേ അധികതസ്തിക അനുവദിക്കാനാകൂ. കാരണം ആ വർഷം അധികമായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് അധികതസ്തിക അനുവദിക്കേണ്ടതെന്നതിനാൽ ഒരു സ്കൂളിലുണ്ടാകുന്ന മൊത്തം തസ്തികകൾ കാറ്റഗറി ഭേദമെന്യേ മുൻവർഷത്തേതിനു തുല്യമാണെങ്കിൽ കൂടി ചട്ടപ്രകാരമുള്ള പരിശോധന നടത്തി ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ മാത്രമേ അധികതസ്തിക അനുവദിക്കാനാകൂ. 51 എ അവകാശികളെ സംബന്ധിച്ച് എപ്പോഴെങ്കിലും മാതൃസ്കൂളിൽ ഒഴിവ് വന്നാൽ മാത്രമേ അവരെ തിരികെ നിയമിക്കാനാവുകയുള്ളൂ എന്നതിനാൽ അധികതസ്തിക സൃഷ്ടിക്കപ്പെടുന്ന തീയതി മുതൽ മാത്രം ടി തസ്തികയിൽ ക്രമീകരിക്കാവുന്നതാണ്.

7) 2023-24 വർഷത്തിൽ ആറാം സാധ്യായദിനത്തിൽ വാലിഡ് യുഐഡി ഉണ്ടായിരുന്ന 143 കുട്ടികളിൽ ഒരാൾ റ്റി.സി. വാങ്ങിപ്പോയിയെന്നും, റീവിസിറ്റിന് 116 കുട്ടികളെ ഉണ്ടായിരുന്നുള്ളുവെന്നും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും വിസിറ്റിൽ പൊതുവായി 4 കുട്ടികൾ ഹാജരുണ്ടായിരുന്നില്ലെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 5ാമത്തെ ഡിവിഷൻ അനുവദിക്കാൻ 2 കുട്ടികൾ അധികമായി ഉണ്ട്.

9) മേൽ സാഹചര്യത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും വിസിറ്റിൽ പൊതുവായി ഹാജരില്ലാതിരുന്ന 4 കുട്ടികളും 2024-25 വർഷത്തിൽ 7-ാം ക്ലാസിൽ തുടർന്നു പഠിക്കുന്നുണ്ട് എന്നുറപ്പുവരുത്തുവാനും അപ്രകാരം തുടരുന്നുവെങ്കിൽ 5ാമത്തെ അധിക ഡിവിഷൻ അനുവദിക്കുന്നതിലേക്കായി സർക്കാരിലേക്ക് ശുപാർശ സഹിതം വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

10) മേൽ പ്രകാരം ശ്രീമതി ബി.എസ്. ഗീതാദേവി ഫയൽ ചെയ്ത റിട്ട് ഹർജി 43107/2024-ന്മേലുള്ള 04/12/2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി ബി.എസ്. ഗീതാദേവി, മാനേജർ, എൽ.വി.യു.പി. സ്കൂൾ, വെൺകുളം, ഇടവ പി.ഒ., വർക്കല, തിരുവനന്തപുരം-695 311.
ശ്രീമതി നീലിമ ഹരി, യു.പി.എസ്.എ., എൽ.വി.യു.പി. സ്കൂൾ, വെൺകുളം, ഇടവ പി.ഒ., വർക്കല, തിരുവനന്തപുരം-695 311.
ഹെഡ്മിസ്ട്രസ്സ്, എൽ.വി.യു.പി. സ്കൂൾ, വെൺകുളം, ഇടവ പി.ഒ., വർക്കല, തിരുവനന്തപുരം-695 311.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വർക്കല, തിരുവനന്തപുരം-695 141.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്. (ജെ.എ1/162/2025/പൊവിവ തീയതി 13/05/2025)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/304/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 11-06-2025 08:24:39
സെക്ഷൻ ഓഫീസർ